# അഖില മലങ്കര ബാലസമാജം വാർഷിക ക്യാമ്പ് ജനുവരി 15 മുതൽ ഒരുക്കങ്ങൾ പൂർത്തിയായി

കോട്ടയം : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അഖില മലങ്കര ബാലസമാജം 33-ാം വാർഷിക ക്യാമ്പിന് നാളെ കോട്ടയം, പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ തിരശ്ശീല ഉയരുന്നു. വൈകിട്ട് 6 മണിക്ക് ചാപ്പലിൽ സന്ധ്യാനമസ്കാരത്തെ തുടർന്ന് 6.30-ന് അഖില മലങ്കര ബാലസമാജം പ്രസിഡന്റ് അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സമ്മേളനത്തിൽ അങ്കമാലി ഭദ്രാസനാധിപനും അഖില മലങ്കര യുവജനപ്രസ്ഥാനം പ്രസിഡന്റുമായ അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്ത ക്യാമ്പ് ഉദ്ഘാടനം ചെയ്യും. സ്ഥാനം ഒഴിഞ്ഞ ഭദ്രാസന ഭാരവാഹികളെ സമ്മേളനത്തിൽ ആദരിക്കും. റവ.ഫാ.തോമസ് വർഗീസ് കാവുങ്കൽ, റവ.ഫാ.മാത്യു.കെ.ജോൺ, റവ.ഫാ.ജെയിംസ് മർക്കോസ്, റവ.ഫാ.കുറിയാക്കോസ് മാണി, ശ്രീ.ഷൈജു ജോൺ തുടങ്ങിയവർ പ്രസംഗിക്കും. രണ്ടാം ദിവസം സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ക്യാമ്പ് സന്ദർശിച്ച് കുട്ടികളെ അനുഗ്രഹിക്കും. വൈകിട്ട് 7.30-ന് റവ.ഫാ.സജി അമയിൽ ചിന്താവിഷയാവതരണം നടത്തും. കുമാരി അനീഷാ അന്ന വർഗീസ് എയ്ഞ്ചൽസ് മീറ്റ് ഉദ്ഘാടനം ചെയ്യും. 16-ന് രാവിലെ റവ.ഫാ.ഫിലൻ മാത്യു വേദപഠനവും റവ.ഡീ.ജിത്തു തോമസ് ഗാനപരിശീലനവും നടത്തും. തുടർന്ന് ‘‘നവമാധ്യമങ്ങളും ക്രൈസ്തവ സമീപനവും’’, ‘‘ദൈവ സൃഷ്ടി’’, ‘‘പ്രാർത്ഥന-സുറിയാനി പാരമ്പര്യത്തിൽ’’, ‘‘വി.മാമോദീസ പൗരസ്ത്യ പാരമ്പര്യത്തിൽ’’, ‘‘പരിശുദ്ധ പാമ്പാടി തിരുമേനിയുടെ ജീവിതം’’ എന്നീ വിഷയങ്ങളിൽ റവ.ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ, റവ.ഫാ.റിഞ്ചു പി.കോശി, റവ.ഫാ.ഷാജൻ വർഗീസ്, റവ.ഫാ.ജോസഫ് സാമുവേൽ, റവ.ഫാ.സി.ഐ.വർഗീസ് തുടങ്ങിയവർ ക്ലാസ്സുകൾ നയിക്കും. ശ്രീ.ഷാജി മാത്യു വ്യത്യസ്തവരയ്ക്ക് നേതൃത്വം നൽകും. തുടർന്ന് അപ്പോസ്തോലിക സന്ദർശനം, ധ്യാനം, കുമ്പസാരം എന്നിവ നടക്കും. 17-ന് രാവിലെ അഭിവന്ദ്യ ഡോ.മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത വി.കുർബ്ബാന അർപ്പിക്കും. അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സമാപന സമ്മേളനത്തിൽ ശ്രീ.മാത്യു ശങ്കരത്തിൽ സമാപന സന്ദേശം നൽകും. റവ.ഫാ.റിഞ്ചു.പി.കോശി, ശ്രീ.ജേക്കബ് തോമസ് തുടങ്ങിയവർ പ്രസംഗിക്കും. കേരളത്തിലെ 14 ഭദ്രാസനങ്ങളിൽ നിന്നായി മുന്നൂറോളം ആൺകുട്ടികളും ഇരുനൂറോളം പെൺകുട്ടികളും ക്യാമ്പിൽ സംബന്ധിക്കു ന്നതിനായി പേര് രജിസ്റ്റർ ചെയ്തു. ക്യാമ്പിൽ സംബന്ധിക്കുന്നവർക്കായി ജനുവരി 15-ന് വെള്ളിയാഴ്ച വൈകിട്ട് 3 മണി മുതൽ 6 മണി വരെ പാമ്പാടി ബസ് സ്റ്റാന്റിൽ നിന്നും ദയറായിലേക്ക് പ്രത്യേക ബസ് സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക താമസ സൗകര്യം ഒരുക്കിയിട്ടുള്ളതായും ക്യാമ്പിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായും പ്രസിഡന്റ് അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത അറിയിച്ചു.